ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോ ലഭിച്ചതിന് ശേഷം അഡ്മിഷന് മുമ്പു തന്നെ ഇ - ഗ്രാന്റ്സ് പോർട്ടലിൽ സ്കോളർഷിപ്പ് അപേക്ഷ രജിസ്റ്റർ ചെയ്ത് Freeship Card ഡൗൺലോഡ് ചെയ്യേണ്ടതും, അഡ്മിഷൻ സമയത്ത് Freeship Card സ്ഥാപനത്തിൽ ഹാജരാക്കി മുൻകൂർ ഫീസ് ഒടുക്കുന്നതിൽ നിന്നും ഇളവ് ലഭ്യമാക്കേണ്ടതുമാണ്. പരാമർശ ഉത്തരവിലെ നിബന്ധനകൾ പ്രകാരം സ്കോളർഷിപ്പ് ലഭിക്കുവാൻ അർഹതയുള്ള വിദ്യാർത്ഥികൾ മാത്രമേ ഇപ്രകാരം ഓൺലൈൻ അപേക്ഷ രജിസ്റ്റർ ചെയ്യുവാനും Freeship Card ജനറേറ്റ് ചെയ്യുവാനും പാടുള്ളൂ. വിദ്യാർത്ഥികൾ ഓൺലൈൻ ആയി സമർപ്പിച്ച ഡേറ്റ സ്ഥാപനമേധാവികൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും ഓൺലൈൻ അപേക്ഷ അംഗീകാരത്തിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് അയക്കേണ്ടതുമാണ്. തെറ്റായി വിവരങ്ങൾ രേഖപ്പെടുത്തി Freeship Card ജനറേറ്റ് ചെയ്യുന്ന വിദ്യാർത്ഥികളുടെ മേൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾ അഡ്മിഷൻ വേളയിൽ Freeship Card സ്ഥാപനത്തിൽ ഹാജരാക്കേണ്ടതാണ്. Freeship Card ഹാജരാക്കാത്തതിന്റെ പേരിൽ അഡ്മിഷൻ സമയത്ത് മുൻകൂർ ഫീസ് വാങ്ങുവാൻ പാടില്ല. അഡ്മിഷൻ സമയത്ത് Freeship Card ഹാജരാക്കാത്ത വിദ്യാർത്ഥികൾ ഇ - ഗ്രാന്റ്സ് പോർട്ടലിൽ നിന്നും Freeship Card ജനറേറ്റ് ചെയ്ത് സ്ഥാപനത്തിൽ ഹാജരാക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്. ഇത്തരത്തിൽ Freeship Card സ്ഥാപനത്തിൽ ഹാജരാക്കാത്ത പക്ഷം മുൻകൂർ ഫീസ് ഒടുക്കുന്നതിൽ നിന്നുള്ള ആനുകൂല്യത്തിന്റെ പരിരക്ഷ പ്രസ്തുത വിദ്യാർത്ഥിയ്ക്ക് നഷ്ടപ്പെടുന്നതാണ്.